"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ്- ബജറ്റ് 2025-26- ഭവനനിർമ്മാണ (സാങ്കേതിക സെൽ)- 'റെന്റ് ആന്റ് അപ്പാർട്ട്മെന്റ് ഓണർഷിപ്പ് മാനേജ്മെന്റ് സിസ്റ്റം' ത്തിന്റെ വികസനം - ഭരണാനുമതി നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.24/2025/HSG തീയതി,തിരുവനന്തപുരം, 10-07-2025

---

പരാമർശം:-

1. ഹൗസിംഗ് കമ്മീഷണറുടെ 06.05.2025-ലെ സി/416/2025/എച്ച്. സി. നമ്പർ കത്ത്.
2. 30.05.2025-ൽ ഭവന നിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

**ഉത്തരവ്**

കേരള ബിൽഡിംഗ്സ് (ലീസ് ആന്റ് റെന്റ് കൺട്രോൾ) ആക്റ്റിന് കീഴിലുള്ള വാടക കരാറുകൾ രജിസ്റ്റർ ചെയ്യുന്നതിനും കേരള അപ്പാർട്ട്മെന്റ് ഓണർഷിപ്പ് ആക്റ്റിന് കീഴിലുള്ള സ്ഥാപന ഉടമകളുടെ കൂട്ടായ്മയ്ക്കും വെബ്, മൊബൈൽ അധിഷ്ഠിത ഡിജിറ്റൽ പ്ലാറ്റ്ഫോം രൂപകൽപ്പന ചെയ്യാനും വികസിപ്പിക്കാനും ലക്ഷ്യമിട്ട് റെന്റ് ആന്റ് അപ്പാർട്ട്മെന്റ് ഓണർഷിപ്പ് മാനേജ്മെന്റ് സിസ്റ്റം (ആർ.എ.ഒ.എം.എസ്) എന്ന പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 2025-26 സമ്പത്തിക വർഷം 2216-80-001-96 എന്ന ശീർഷകത്തിൽ 25.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങൾ ഉൾക്കൊള്ളിച്ച് 2025-26 സാമ്പത്തിക വർഷത്തെ 'റെന്റ് ആന്റ് അപ്പാർട്ട്മെന്റ് ഓണർഷിപ്പ് മാനേജ്മെന്റ് സിസ്റ്റം' എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി പരാമർശം (1) പ്രകാരം ഹൗസിംഗ് കമ്മീഷണർ പ്രൊപ്പോസൽ ലഭ്യമാക്കുകയും പ്രസ്തുത പദ്ധതിയ്ക്ക് 25 ലക്ഷം രൂപയുടെ ഭരണാനുമതി നല്കണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായി.

| ഘടകങ്ങൾ | തുക |
|---|---|
| First Phase of Design, Development & implementation of Rent and Apartment Ownership Management System including security auditing | 25,00,000 |

3. പ്രസ്തുത പ്രൊപ്പോസൽ 30.05.2025-ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം പരിഗണിക്കുകയും ഭവനനിർമ്മാണ (സാങ്കേതിക സെൽ)-ന്റെ 'റെന്റ് ആന്റ് അപ്പാർട്ട്മെന്റ് ഓണർഷിപ്പ് മാനേജ്മെന്റ് സിസ്റ്റം' എന്ന പദ്ധതിയുടെ പ്രാരംഭ ഘട്ടം വികസിപ്പിക്കുന്നതിന് 25,00,000/- രൂപയിൽ നിജപ്പെടുത്തി ഭരണാനുമതി നൽകുവാൻ പരാമർശം (2) പ്രകാരം

അംഗീകാരം നല്കുകയും ചെയ്തു.

4. മേൽ സാഹചര്യത്തിൽ 2025-26 സാമ്പത്തിക വർഷത്തെ ഭവനനിർമ്മാണ (സാങ്കേതിക സെൽ) -ന്റെ 'റെന്റ് ആന്റ് അപ്പാർട്ട്മെന്റ് ഓണർഷിപ്പ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ വികസനം' എന്ന പദ്ധതി മേൽ ഘടകങ്ങളോടെ നടപ്പാക്കുന്നതിന് നിലവിലുള്ള പൊതുവ്യവസ്ഥകൾക്കും ചുവടെ ചേർക്കുന്ന നിബന്ധനകൾക്കും വിധേയമായി 25,00,000/- രൂപയിൽ (ഇരുപത്തിയഞ്ചു ലക്ഷം രൂപ മാത്രം) നിജപ്പെടുത്തി ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനാവശ്യമായ തുക 2025-26 സാമ്പത്തിക വർഷത്തെ 2216-80-001-96 എന്ന ശീർഷകത്തിൽ നിന്ന് കണ്ടെത്താവുന്നതാണ്.

i. സർക്കാർ അംഗീകരിച്ച് നല്കിയ പ്രോജക്ട് പ്രൊപ്പോസലിൽ മാറ്റം വരുത്താൻ പാടുള്ളതല്ല.
ii. പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമെങ്കിൽ ടെണ്ടർ/ ഇ-ടെണ്ടർ നടപടി സ്വീകരിക്കേണ്ടതും നിലവിലുള്ള നിബന്ധനകളും വ്യവസ്ഥകളും പാലിക്കേണ്ടതുമാണ്.
iii. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നിലവിലുള്ള ഉത്തരവുകളും നിയമപരമായ വ്യവസ്ഥകളും പാലിച്ചുകൊണ്ട് സുതാര്യമായ രീതിയിൽ നടപ്പിലാക്കേണ്ടതാണ്.
iv. സ്റ്റോർ പർച്ചേസ് നിയമങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.
v. പദ്ധതി ചെലവുകൾ ഈ സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ അധികരിക്കുവൻ പാടില്ലാത്തതും അനുവദിച്ച ശീർഷകത്തിൽ വക കൊള്ളിച്ചിട്ടുള്ള തുക മാത്രം ചെലവഴിക്കേണ്ടതുമാണ്.
vi. പദ്ധതി തുകയിൽ ആവശ്യാനുസരണം മാത്രം തുക അനുവദിച്ച് നല്കാവുന്നതും, എന്നാൽ അനുവദിച്ച തുക ബാങ്കിൽ നിലനിർത്താൻ പാടില്ലാത്തതുമാണ്.
vii. തസ്തിക സൃഷ്ടിക്കുന്നതും വാഹനങ്ങൾ വാങ്ങുന്നതും ഈ പദ്ധതിയിൽ അനുവദനീയമല്ല.
viii. ഈ പദ്ധതിയുടെ കാലയളവ് ഒരു വർഷമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് പ്രവീൺ
അഡിഷണൽ സെക്രട്ടറി

ഹൗസിംഗ് കമ്മീഷണർ, ഭവനനിർമ്മാണ(സാങ്കേതിക സെൽ)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്). കേരളം, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ധനകാര്യ (വെൽഫെയർ വിംഗ്) വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ്
ഐ& പി. ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
സെക്ഷൻ ഓഫീസർ
Date: 10-07-2025 12:53:57